**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **11-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വിവിധ ബഡ്ജറ്റുകളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിവരം അറിയിക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നടുവട്ടം Govt.ജനതാ HSS സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട GHSS വാടാനക്കുറിശ്ശി, GVHSS കൊപ്പം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>GHSS പട്ടാമ്പി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>GHSS ചൂണ്ടംമ്പറ്റ സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചു.<br><br>GOHSS പട്ടാമ്പി സ്കൂളിന് DPR തയ്യാറാക്കി സാങ്കേതിക അനുമതി 1/07/2023ന് ലഭിച്ചിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കി. റെയിൽവേയുടെ NOC ആവശ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വല്ലപ്പുഴ GHS, GHS കൊട്ടുമുണ്ട എന്നീ സ്കൂളുകളുടെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഒരോ സ്കൂളുകൾക്കും അനുവദിച്ച തുകയും സ്കൂളുകളുടെ വിവരവും ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ; | (ബി) | മറുപടി 'എ ' പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | എത്ര സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെന്നും എത്ര എണ്ണം നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (സി) | **5 കോടി കിഫ്ബി പദ്ധതി-**<br>നിർമ്മാണം ആരംഭിച്ചത് - 1<br>പൂർത്തീകരിച്ചത് - 1<br>**3 കോടി കിഫ്ബി പദ്ധതി**<br>നിർമ്മാണം ആരംഭിച്ചത് - 4<br>പൂർത്തീകരിച്ചത് - 3<br>**1 കോടി കിഫ്ബി പദ്ധതി**<br>നിർമ്മാണം ആരംഭിച്ചത് - 2<br>പൂർത്തീകരിച്ചത് - 2 |
| (ഡി) | നാളിതുവരെ നിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കാത്ത സ്കൂളുകളുടെ വിവരവും കാരണവും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ഡി) | 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 2 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. GOHSS പട്ടാമ്പി സ്കൂളിന് DPR തയ്യാറാക്കി സാങ്കേതിക അനുമതി 1/07/2023ന് ലഭിച്ചിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കി. റെയിൽവേയുടെ NOC ആവശ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 2 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വല്ലപ്പുഴ GHS, GHS കൊട്ടുമുണ്ട എന്നീ സ്കൂളുകളുടെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ